ഭരണഭാഷ - മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക്ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ2/7190/2016/സിഇ/തസ്വഭവ

തീയതി : 18.07.2016

## നിയമസഭാചോദ്യം / അടിയന്തിരം

പ്രേഷകൻ
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

സർ,

വിഷയം : തസ്വഭവ - 14-ാം കേരള നിയമസഭ - 1-ാം സമ്മേളനം - നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3186 - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന : 11.07.2016 ലെ ധനകാര്യ വകുപ്പിന്റെ കത്ത് നം. 11744/എസ്റ്റാ/സി3/16/ധന

സൂചന പ്രകാരമുള്ള നിയമസഭാ ചോദ്യം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിന്റെ മറുപടി എല്ലാ ഓഫിസ് മേലധികാരികളും 3 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യ മാക്കേണ്ടതാണ്. കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലെ ഡി.ഡി.ഒ മാർ അതാത് സർക്കിൾ ഓഫീസുകളിൽ വിവരങ്ങൾ നൽകേണ്ടതും ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീ യർമാർ ആയത് ക്രോഡീകരിച്ച് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ജില്ലകളിലെ അസി സ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലെ വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീ യർക്ക് നൽകേണ്ടതും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആയത് ക്രോഡീകരിച്ച് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിയമസഭാ ചോദ്യത്തിന് സമയബ ന്ധിതമായി മറുപടി നൽകേണ്ടതിനാൽ എല്ലാ ഓഫീസ് മേലധികാരികളും എത്രയും വേഗം മറുപടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

നോഡൽ ഓഫീസർ

P 1342

3186. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായ നികുതി വകുപ്പ് നോട്ടിഫിക്കേഷൻ നം. 41/2010 തീയതി 31.05.2010 പ്രകാരം സംസ്ഥാനത്ത് ഫോം 24G ഇ-ഫയൽ ചെയ്യുന്ന PAO/DTO/CDDO മാർ ഏതൊക്കെ; സാമ്പത്തിക വർഷം തിരിച്ച് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാമോ; a) 2010-2011 മുതൽ 2015-16 ഡിസംബർ വരെ ഫോം 24G സ്റ്റേറ്റ്മെന്റ് പ്രിപ്പറേഷൻ ഇനത്തിൽ ഓരോ PAO/DTO/CDDO മാർ ചിലവാക്കിയ തുക എത്ര: (Regular and Corrections) b) ഫോം 24G Upload ചെയ്യുന്നതിന് 2010-11 മുതൽ 2015-16 ഡിസംബർ വരെ ചിലവായ തുക എത്ര; (Regular and Corrections) c) a,b പിരിവുകൾക്കായി TIN-FC കളെ നിലവിലും ആശ്രയിക്കുന്ന PAO/DTO/CDDO മാർ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സംസ്ഥാനത്ത് ശമ്പളം/ശമ്പളേതരം (24Q/26Q) ഇനത്തിൽ ആദായ നികുതി കുറവ് ചെയ്യുന്ന Deductor/DDO മാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; (PAO/DTO/CDDO മാർ ഇ-ഫയൽ ചെയ്യുന്ന ഫോം 24G യിൽ ഉൾപ്പെടുന്ന Deductor/DDO മാർ) a) ഓരോ Deductor/DDO മാരും നാളിതുവരെ (24Q/26Q) e-TDS Quarterly Statement Upload ചെയ്യുന്നതിനായി ചിലവാക്കിയ തുക എത്ര; (Regular/Corrections) സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ; b) ഓരോ Deductor/DDO മാരും e-TDS Quarterly (Statement/return) Prepare ചെയ്യുന്നതിനായി നാളിതുവരെ ചിലവാക്കിയ തുക എത്ര; സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ; c) b പിരിവിന് TIN-FC ആശ്രയിക്കുന്ന Deductor/DDO മാർ എത്രയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ PAO/DTO/CDDO മാർ TIN-FC കളെ ആശ്രയിക്കാതെ ഫോം 24G Prepare ചെയ്ത് Online ആയി TIN Website ലേക്ക് Upload ചെയ്യുന്നുണ്ട്; അതിനുള്ള ട്രെയിനിംഗ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രെയിനിംഗ് നൽകിയ വകുപ്പ്; ഏതൊക്കെ വകുപ്പുകൾക്ക് ട്രെയിനിംഗ് നൽകിയെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകൾ TIN-FC കളെ ആശ്രയിക്കാതെ ത്രൈമാസ സ്റ്റേറ്റ്മെന്റായ 24Q/26Q തയ്യാറാക്കുന്നുണ്ട്; ഇപ്രകാരം സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നുണ്ടെങ്കിൽ അതിനുള്ള ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രെയിനിംഗ് നൽകിയ വകുപ്പ്; ഏതൊക്കെ വകുപ്പുകളിലെ എത്ര ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയെന്ന് വിശദമാക്കാമോ;

~~മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക~~